പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1128** **12/03/2015-ൽ മറുപടിക്ക്**

**പൊതുവിദ്യാലയങ്ങളിൽ പഠന നിലവാരം ഉയർത്തുന്നതിന് നടപടി**

ചോദ്യം

ശ്രീ. പി.കെ. ബഷീർ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സർക്കാർ/എയ്ഡഡ് പൊതു വിദ്യാലയങ്ങളിൽ 2014-15 വർഷം 1-ാം ക്ലാസു മുതൽ 10-ാം ക്ലാസുവരെയുള്ള കുട്ടികളുടെ എണ്ണം എത്രയായിരുന്നു; മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര കുട്ടികൾ കുറവുണ്ട്;

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 2014-15, 2013-14 വർഷങ്ങളിൽ 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ എണ്ണവും കുറവും ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | |
|---|---|---|
| | സർക്കാർ | എയ്ഡഡ് |
| 2013-14 | 1172867 | 2308468 |
| 2014-15 | 1177230 | 2270368 |
| വ്യത്യാസം | + 4363 | - 38100 |

സർക്കാർ വിഭാഗത്തിൽ 4363 കുട്ടികളുടെ വർദ്ധനവും എയ്ഡഡ് വിഭാഗത്തിൽ 38100 കുട്ടികളുടെ കുറവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ/ ആർ.എം.എസ്.എ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ട്. സ്കൂൾ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, സ്കൂൾ യൂണിഫോം, ഉച്ചഭക്ഷണം എന്നിവ നൽകിവരുന്നു. കലാപഠനത്തിനും കായിക പഠനത്തിനും കൂടി പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യ നിർണ്ണയം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠന നിലവാരം ഉയർത്തുന്നതിനും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാഠ്യ വിഷയമായും, അതോടൊപ്പം ഇംഗ്ലീഷ് മീഡിയത്തിലുള്ള പാഠപുസ്തകം തയ്യാറാക്കി 1, 3 ക്ലാസ്സുകൾക്ക് കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. 2, 4 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠപുസ്തകം അടുത്തവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുന്നതിനായി പ്രൈമറിവിഭാഗത്തിലെ അധ്യാപകർക്ക് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം, ബംഗ്ലൂർ ആർ.ഐ.ഇ.എസ്.ഐ.മായി ചേർന്ന് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാനും, എഴുതുവാനും ഉതകുന്ന തരത്തിൽ ഇംഗ്ലീഷ് ഫെസ്റ്റുകൾ എന്നിവ പരിഗണനയിലുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**